"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-കോവിഡ്-19 നിർവ്യാപന/ പ്രതിരോധ പ്രവർത്തനങ്ങൾ- പ്രവാസികളുടെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മലയാളികളുടെയും തിരിച്ചുവരവ് കണക്കിലെടുത്ത് നടത്തുന്ന ക്രമീകരണങ്ങൾ-വാർഡുതല മോണിറ്ററിംഗ് കമ്മിറ്റികളും തദ്ദേശ സ്ഥാപനതല കമ്മിറ്റികളും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

**സ.ഉ.(സാധാ) നം.831/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 06/05/2020

---

പരാമർശം:- 1 സ.ഉ.(കൈ) നം.55/2020/ത.സ്വ.ഭ.വ. തീയതി, 20/3/2020

2 സ.ഉ.(കൈ) നം.86/2020/പൊ.ഭ.വ. തീയതി, 4/5/2020

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച വിശദമായ ഉത്തരവ് പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള പലതരം ആവശ്യങ്ങൾക്കായി രൂപീകരിച്ച കമ്മിറ്റികൾ (വാർഡ് ഹെൽത്ത് കമ്മിറ്റികൾ, ആരോഗ്യ ജാഗ്രത സമിതികൾ, ദുരന്ത നിവാരണ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി രൂപീകരിച്ച ERT കൾ തുടങ്ങിയവ) പ്രവർത്തനക്ഷമമാക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഈ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വാർഡ് മെമ്പറുടെ നേതൃത്വത്തിൽ താഴെപറയുന്ന അംഗങ്ങളുൾപ്പെടുന്ന ഒരു കമ്മ്യൂണിറ്റി ഗ്രൂപ്പ് രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു.

i. ആരോഗ്യപ്രവർത്തകർ
ii. അംഗനവാടി വർക്കർ
iii. കുടുംബശ്രീ സന്നദ്ധപ്രവർത്തകർ
iv. ആരോഗ്യസേനാപ്രവർത്തകർ
v. എസ് സി / എസ് ടി പ്രൊമോട്ടർമാർ
vi. സ്ഥലത്തു താമസമുള്ള സന്നദ്ധരായ സർക്കാർ ഉദ്യോഗസ്ഥർ

2. 02.05.2020 ൽ ബഹു. മുഖ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകന യോഗത്തിൽ കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പൊതുവിൽ തീരുമാനിക്കുന്ന പ്രവർത്തനങ്ങൾ താഴെത്തട്ടിൽ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് പ്രാദേശികതല സമിതികളാണെന്ന് വിലയിരുത്തുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രവാസികളുടെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള മലയാളികളുടെയും തിരിച്ചുവരവ് വീടുകളിൽ നിരീക്ഷണത്തിൽ കഴിയേണ്ടവരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടാക്കുന്ന സാഹചര്യത്തിൽ തദ്ദേശ സ്ഥാപന തലത്തിലെ മേല്പറഞ്ഞ കമ്മ്യൂണിറ്റി ഗ്രൂപ്പ് പുനർനാമകരണം ചെയ്ത് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ താഴെ പറയുന്ന അംഗങ്ങളുൾപ്പെടുന്ന വാർഡുതല മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

i. റെസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ (രണ്ടുപേർ), റെസിഡന്റ്സ് അസോസിയേഷൻ ഇല്ലെങ്കിൽ പ്രദേശത്തെ നാട്ടുകാരുടെ രണ്ടു പ്രതിനിധികൾ
ii. ജനമൈത്രി പോലീസ് പ്രതിനിധി
iii. കുടുംബശ്രീ സംഘടനാ മെമ്പർ
iv. സന്നദ്ധ പ്രവർത്തകൻ/പ്രവർത്തക
v. അംഗനവാടി ടീച്ചർ/വർക്കർ
vi. ആരോഗ്യ പ്രവത്തകൻ
vii. ആരോഗ്യ സേന പ്രവർത്തകൻ
viii. SC/ST പ്രമോട്ടർ
ix. ആശ വർക്കർ
x. സ്ഥലത്തു താമസമുള്ള സന്നദ്ധരായ സർക്കാർ ഉദ്യോഗസ്ഥർ

4. കൂടാതെ പരാമർശം 2 പ്രകാരം പ്രവാസികളുടെ തിരിച്ചുവരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് അതതു തദ്ദേശ സ്ഥാപനങ്ങളുടെ ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഒരു കമ്മിറ്റി അതതു തദ്ദേശ സ്ഥാപന ചെയർപേഴ്സന്റെ അധ്യക്ഷതയിൽ രൂപീകരിച്ചും ഉത്തരവാകുന്നു.

i. തദ്ദേശ സ്ഥാപനത്തിലെ പ്രതിപക്ഷ ജന പ്രതിനിധി
ii. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
iii. എം.എൽ.എ. അല്ലെങ്കിൽ എം.എൽ.എ. യുടെ പ്രതിനിധി
iv. പോലീസ് സ്റ്റേഷൻ ഹൌസ് ഓഫിസർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി
v. വില്ലേജ് ഓഫീസർ
vi. തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി
vii. പി.എച്ച് .സി. മേധാവി
viii. സഹകരണ ബാങ്ക് പ്രസിഡന്റ്
ix. സാമൂഹ്യ സന്നദ്ധ സേനയുടെ ഒരു പ്രതിനിധി
x. കുടുംബശ്രീ പ്രതിനിധി
xi. ആശാ വർക്കർമാരുടെ പ്രതിനിധി
xii. പെൻഷനേഴ്സ് യൂണിയന്റെ പ്രതിനിധി

**വാർഡ് തല മോണിറ്ററിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ട ചുമതലകളും ഉത്തരവാദിത്വങ്ങളും ചുവടെ ചേർക്കുന്നു:-**

- വിദേശത്തു നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരികെ എത്തുന്നവരുടെ ഹോം ഐസൊലേഷൻ ഉറപ്പ് വരുത്തണം.
- ഐസൊലേഷനിൽ ഉള്ളവരിൽ രോഗ ലക്ഷണം പ്രകടമാകുന്നവരുടെ വിവരം യഥാ സമയം ആരോഗ്യ വകുപ്പ് അധികൃതരെ അറിയിക്കണം.
- മോണിറ്ററിംഗ് കമ്മിറ്റി ചുമതലപ്പെടുത്തുന്ന ഓരോ ആൾ വീതം ഇത്തരം വീടുകളിൽ ദിവസേന ഭവന സന്ദർശനം നടത്തേണ്ടതാണ്.
  (ഇത്തരത്തിൽ ഭവന സന്ദർശനത്തിന് പോകുന്ന അംഗങ്ങൾക്ക് മാസ്കും ഗ്ലൗസും ഉൾപ്പെടെയുള്ള വ്യക്തിഗത പ്രതിരോധ ഉപകരണങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്.)
- കിടപ്പ രോഗികൾ, മറ്റു രോഗങ്ങളുള്ളവർ, പ്രമേഹമുൾപ്പെടെ ജീവിത ശൈലീ രോഗങ്ങളുള്ളവർ, വയോജനങ്ങൾ തുടങ്ങി പ്രത്യേക പരിഗണന നൽകേണ്ട വിഭാഗങ്ങളിലുള്ളവരുടെ വിവരങ്ങൾ ശേഖരിച്ച് ആഹാരം, മരുന്ന് ഉൾപ്പെടെ ആവശ്യമായ സഹായങ്ങൾ നൽകണം. ഇവർക്കും കുടുംബാംഗങ്ങൾക്കും ബോധവത്കരണവും ആവശ്യമെങ്കിൽ കൗൺസിലിംഗും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
- ടെലിമെഡിസിൻ സംവിധാനത്തിൽ ബന്ധപ്പെടാവുന്ന ഡോക്ടർമാരെ കുറിച്ചുള്ള പൂർണ്ണ വിവരം ഇത്തരം വീടുകളിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**തദ്ദേശ സ്ഥാപനതല കമ്മിറ്റിയുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും**

- വിദേശത്തു നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തിരികെ എത്തുന്നവരുടെ വിവരങ്ങൾ ദിവസേന ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് ശേഖരിച്ച് വാർഡുതല സമിതികളെ ഏല്പിക്കേണ്ടതാണ്.
- ഹോം ഐസൊലേഷനിൽ ഉള്ളവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് വാർഡുതലത്തിൽ പ്രത്യേക രജിസ്റ്റർ ഉണ്ടെന്നും അത് അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.
- തദ്ദേശ സ്ഥാപനതലത്തിലെ ഹോം ഐസൊലേഷൻ സംബന്ധിച്ച വിവരങ്ങൾ/റിപ്പോർട്ട് ദിവസേന ആരോഗ്യ വകുപ്പിനും ജില്ലാ ഭരണകൂടത്തിനും നൽകുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- പ്രത്യേക പരിഗണന വേണ്ടുന്ന മുതിർന്ന പൗരന്മാർ, പാലിയേറ്റിവ് കെയർ വേണ്ടുന്നവർ, വൃക്ക രോഗികൾ ക്യാൻസർ രോഗികൾ തുടങ്ങി High Risk വിഭാഗത്തിൽപ്പെട്ടവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ബോധവത്കരണം നൽകുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നുള്ള ഉത്തരവുകൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
- ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശങ്ങൾ പ്രാദേശികമായി നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- വാർഡ്തല കമ്മിറ്റിയുടെ എല്ലാ പ്രവർത്തനങ്ങളുടെയും മേൽനോട്ടം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

സ്റ്റേറ്റ് പോലീസ് ചീഫ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമവികസന കമ്മീഷണർ
ആരോഗ്യ വകുപ്പ് ഡയറക്ടർ
ഡയറക്ടർ, പട്ടികജാതി വകുപ്പ്
ഡയറക്ടർ, പട്ടികവർഗ്ഗ വകുപ്പ്
സാമൂഹ്യ ക്ഷേമ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ./ ഇ.&ആർ.എസ്.എ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ബന്ധപ്പെട്ട വകുപ്പുകൾക്ക്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്